LIBRARY ARCHIVES Kerala Legislative Assembly

6. മെയിന്റനൻസ് തുക നൽകുന്നതിലെ കാലതാമസം

ശ്രീ. ബാബു പോൾ : സർ, കേരളാ വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള മൂവാറ്റുപുഴ ഡിവിഷനിലെ മെയിന്റനൻസ് കരാറുകാർ കഴിഞ്ഞ ഒരാഴ്ചയിലേറെയായി പണിമുടക്ക് സമരത്തിലാണ്. മൂവാറ്റുപുഴ വാട്ടർ അതോറിറ്റി ഡിവിഷന്റെ കീഴിൽ മുമ്പ് കോതമംഗലവും മൂവാറ്റുപുഴയും എന്നീ രണ്ട് അസംബ്ലി മണ്ഡലങ്ങൾ മാത്രമേ ഉണ്ടായിരുന്നുള്ളു. അന്ന് അവിടത്തെ മെയിന്റനൻസിന് മാത്രമായി 130 ലക്ഷം രൂപ ലഭ്യമായിക്കൊണ്ടിരുന്നതാണ്. എന്നാൽ ഇപ്പോൾ മൂവാറ്റുപുഴ ഡിവിഷന്റെ കീഴിലേക്ക് പിറവം, കടുത്തുരുത്തി, വൈക്കം എന്നീ മൂന്ന് നിയോജകമണ്ഡലങ്ങൾകൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. മുമ്പ് ഈ മണ്ഡലങ്ങൾ ഉൾപ്പെട്ടിരുന്ന പിറവം ഡിവിഷന് 110 ലക്ഷം രൂപ ഒരു വർഷം അനുവദിച്ചു കൊണ്ടിരുന്നതാണ്. ഇപ്പോൾ ഇത് രണ്ടുംകൂടി ലയിപ്പിച്ച് അഞ്ച് അസംബ്ളി മണ്ഡലങ്ങൾ ഉൾപ്പെടുന്ന മൂവാറ്റുപുഴ ഡിവിഷന്റെ കീഴിലെ മെയിന്റനൻസിന് ഇപ്പോൾ കേവലം 140 ലക്ഷം രൂപ മാത്രമാണ് ആകെ അനുവദിക്കുന്നത്. ഇതു കൊണ്ട് സമയബന്ധിതമായി കരാറുകാരുടെ തുക കൊടുക്കാൻ കഴിയുന്നില്ല. ഇപ്പോൾതന്നെ രണ്ടുകോടി മുപ്പത് ലക്ഷം രൂപയുടെ കുടിശ്ശിക കരാറുകാർക്ക് കൊടുക്കാനുണ്ട്. 48 ബില്ലുകൾക്ക് പേമെന്റ് നടത്താനുണ്ട്. ഇത്തരമൊരു സാഹചര്യത്തിലാണ് അവർ കുടിശ്ശികത്തുക ലഭ്യമാകുന്നതിനുവേണ്ടിയുള്ള പണിമുടക്ക് സമരത്തിൽ ഏർപ്പെട്ടിരിക്കുന്നത്. ഇതുമൂലം അവിടെ ജല അതോറിറ്റിയുടെ മുഴുവൻ പദ്ധതികളുടേയും ജലവിതരണം താറുമാറാവുകയും ജനങ്ങളാകെ പ്രക്ഷോഭത്തിലുമാണ്. അതുകൊണ്ട് അടിയന്തരമായി കരാറുകാരുടെ കുടിശ്ശികത്തുക അനുവദിച്ച് പണിമുടക്ക് സമരം അവസാനിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രിക്കുവേണ്ടി ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ) : സർ, മൂവാറ്റുപുഴ, കോതമംഗലം, പിറവം, വൈക്കം, കടുത്തുരുത്തി എന്നീ നിയോജക മണ്ഡലങ്ങളിൽപ്പെട്ട 44 പഞ്ചായത്തുകളുടേയും മൂന്ന് നഗരസഭകളുടേയും ജലവിതരണവും അറ്റകുറ്റപ്പണികളും കേരളാ വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള മൂവാറ്റുപുഴ പി.എച്ച്. ഡിവിഷനെയാണ് ഏല്പിച്ചിരിക്കുന്നത്. ഈ ഡിവിഷന്റെ കീഴിൽ ചെറുതും വലുതുമായ 70-ഓളം കുടിവെള്ള പദ്ധതികളുണ്ട്. ഇതിൽ ഒമ്പത് പമ്പിംഗ് സ്റ്റേഷനുകളിലായി 215 മോട്ടോറുകൾ പ്രവർത്തിക്കുന്നുണ്ട്. ഈ പദ്ധതികളിലെ പൈപ്പ്ലൈൻ അറ്റകുറ്റപ്പണികൾക്കായി 40 വാർഷിക റണ്ണിംഗ് കോൺട്രാക്ടുകൾ നിലവിലുണ്ട്. 2009 ജൂലൈ മാസം മുതൽ പിറവം, വൈക്കം, കടുത്തുരുത്തി എന്നീ നിയോജകമണ്ഡലങ്ങളിലെ കുടിവെള്ള വിതരണ പദ്ധതികളുടെ നടത്തിപ്പ് ചുമതലകൂടി ഈ ഡിവിഷന്റെ ചുമതലയിൽ വന്നുവെങ്കിലും അതിന് ആനുപാതികമായ ഫണ്ട് വർദ്ധിപ്പിച്ചിട്ടില്ല. മൂവാറ്റുപുഴ ഡിവിഷന്റെ ബഡ്ജറ്റ് വിഹിതം ആനുപാതികമായി 245 ലക്ഷം രൂപയായി വർദ്ധിപ്പിക്കേണ്ടതായിരുന്നു. എന്നാൽ 2010-11 വർഷത്തിൽ 143.65 ലക്ഷം രൂപയാണ് ബഡ്ജറ്റ് വിഹിതമായി വകകൊള്ളിച്ചിട്ടുള്ളത്. ഈ സാമ്പത്തികവർഷത്തിൽ ഇതുവരെ അറ്റകുറ്റപ്പണികൾക്കായി 129.02 ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളത്. അനുവദിച്ച തുക

മുഴുവൻ മുൻഗണനാക്രമത്തിൽ കരാറുകാർക്ക് അനുവദിച്ചു നൽകിയിട്ടുമുണ്ട്. അഞ്ച് നിയോജകമണ്ഡലങ്ങളിലെ പൈപ്പ്ലൈൻ, മോട്ടോർ എന്നിവയുടെ അറ്റകുറ്റപ്പണികൾക്കായി ഒരു വർഷം 245 ലക്ഷം രൂപയാണ് വേണ്ടിവരുന്നത്. ഇപ്പോൾ ഇലക്ട്രിക്കൽപ്പണികൾ ഉൾപ്പെടെയുള്ള അറ്റകുറ്റപ്പണികൾക്കായി 233.53 ലക്ഷം രൂപയുടെ ബില്ലുകൾ 2009 ഓഗസ്റ്റ് മാസം മുതൽ ഡിവിഷൻ ഓഫീസിൽ കുടിശ്ശികയാണ്.

7. ഗസറ്റ് വിജ്ഞാപനത്തിലെ അപാകതകൾ

ശ്രീമതി ജെ. അരുന്ധതി : സർ, എന്റെ മണ്ഡലത്തിൽപ്പെട്ട നന്ദിയോട് പഞ്ചായത്തിലെ ചില പ്രദേശങ്ങളിലെ കൈവശ ഭൂമിയിൽ അവരുടെ സർവ്വേ നമ്പരിൽപ്പെട്ട വസ്തുക്കൾ ഗവൺമെന്റ് ഭൂമിയായി ആർ.ഡി.ഒ.-യുടെ ഒരു പ്രസിദ്ധീകരണത്തിൽ വന്നിട്ടുള്ള അപാകതയാണ് ഞാൻ ചൂണ്ടിക്കാണിക്കുന്നത്. നന്ദിയോട് പഞ്ചായത്തിലെ പേരയം പ്രദേശത്ത് സർവ്വേ നമ്പർ 1183 മുതൽ 1187 വരെയുള്ള ഭൂമി അതായത് വില വസ്തുവും അതുപോലെ ഓഹരി കിട്ടിയതും പട്ടയം വരെ ലഭിച്ചിട്ടുള്ളതുമായ തനത് ഭൂമികൾ ഒരു ഗസറ്റ് വിജ്ഞാപനത്തിൽക്കൂടി ഗവൺമെന്റിന്റെ ഭൂമിയായി നമ്പരിട്ട് വന്നിരിക്കുന്നതിനാൽ കൈമാറ്റം ചെയ്യാൻ കഴിയാത്ത സാഹചര്യമാണുള്ളത്. ഈ അപാകത പരിഹരിക്കാൻ നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രിക്കുവേണ്ടി കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ) : സർ, 2010-ൽ ഭൂമിയുടെ താരിഫ് സംബന്ധമായി പുറത്തിറക്കിയ വിജ്ഞാപനത്തിൽ തിരുവനന്തപുരം ജില്ലയിലെ സ്വകാര്യ വസ്തുക്കളിൽ ചിലത് സർക്കാർ ഭൂമി എന്ന് പിശകായി രേഖപ്പെടുത്തിയിട്ടുണ്ട്. കക്ഷികളിൽനിന്ന് ലഭിക്കുന്ന അപേക്ഷകളുടേയും അല്ലാതെ ലഭിക്കുന്ന അറിവിന്റെയും അടിസ്ഥാനത്തിൽ രേഖകൾ പരിശോധിച്ച് പ്രസ്തുത പിശക് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്. 2010-ൽ പ്രസിദ്ധീകരിച്ച അന്തിമ ഫെയർവാല്യു വിജ്ഞാപനത്തിൽ തിരുവനന്തപുരം ജില്ലയിലും സംസ്ഥാനത്തെ മറ്റ് ജില്ലകളിലും മേൽ പ്രസ്താവിച്ച അപാകതയ്ക്ക് പുറമെ സർവ്വേ നമ്പരിലെ വ്യത്യാസം, ഭൂമിയുടെ ഇനം, തരം എന്നിവ രേഖപ്പെടുത്തിയതിലെ വ്യത്യാസം തുടങ്ങിയ വിഷയങ്ങളുൾപ്പെടെ കടന്നുകൂടിയിട്ടുള്ള എല്ലാ പോരായ്മകളും അതുമൂലമുണ്ടാകുന്ന ബുദ്ധിമുട്ടുകളും പരിഹരിക്കുന്നതിനും കൂടാതെ പ്രസിദ്ധീകരിച്ച വിജ്ഞാപനത്തിലെ മറ്റ് ആക്ഷേപങ്ങൾ പരിഹരിക്കുന്നതിനുമായി 1959-ലെ കേരളാ മുദ്രപ്പത്ര നിയമം 28 എ വകുപ്പ്, 1995-ലെ കേരളാ മുദ്രപ്പത്ര ചട്ടങ്ങളിലെ ഭൂമിയുടെ ന്യായവില നിർണ്ണയിക്കൽ ചട്ടം 5 എന്നിവയ്ക്ക് വിധേയമായി ബന്ധപ്പെട്ട ജില്ലാ കളക്ടർ മുമ്പാകെ അപ്പീൽ സമർപ്പിക്കുന്നതിന് അവസരം നൽകിയിട്ടുണ്ട്. 25-10-2009-ലെ വിജ്ഞാപന പ്രകാരം കേരളാ മുദ്രപ്പത്ര നിയമത്തിൽ വരുത്തിയിട്ടുള്ള ഭേദഗതി അനുസരിച്ച് ന്യായവില സംബന്ധിച്ച അപ്പീലുകൾ സമർപ്പിക്കുന്നതിനുള്ള കാലപരിധി മൂന്ന് മാസത്തിൽനിന്ന് ഒരു വർഷത്തേക്ക് നീട്ടിയിട്ടുള്ളതും കൂടാതെ മതിയായ കാരണമുണ്ടെന്ന് കളക്ടർക്ക് ബോധ്യപ്പെടുന്ന സംഗതികളിൽ പ്രസ്തുത കാലാവധിക്കുശേഷം സമർപ്പിക്കുന്ന അപ്പീലുകളും പരിഗണിക്കാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. അവർ ഫയൽ ചെയ്യുന്ന

LIBRARY ARCHIVES Kerala Legislative Assembly